# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5198 | 27.06.2019 ൽ മറുപടിയ്ക്ക് |
|---|---|
| **ശിശുസൗഹൃദ അംഗൻവാടികൾ** | |
| ചോദ്യം | മറുപടി |
| **ശ്രീ.രാജു എബ്രഹാം** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് എത്ര അംഗൻവാടികൾ ആണ് ഉള്ളത്; ഇവയിൽ എത്ര അധ്യാപക തസ്തികകൾ ഉണ്ട്; എത്ര തസ്തികകൾ ഇതിൽ ഒഴിഞ്ഞുകിടപ്പുണ്ട്; വിശദമാക്കാമോ; | എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗൻവാടികൾ - 33115<br>അംഗൻവാടി വർക്കർ തസ്തികകൾ - 33115<br>അംഗൻവാടി വർക്കർ തസ്തികകൾ ഒഴിവ് കിടപ്പില്ല. സ്ഥിരം അംഗൻവാടി വർക്കർമാർ ലീവിന് പ്രവേശിക്കുന്ന വേളയിൽ താല്ക്കാലികക്കാരെ നിയമിച്ച് അംഗൻവാടി പ്രവർത്തനം മുടക്കം വരാതെ സുഗമമായി നടത്തി വരുന്നു. ഒഴിവുകൾ ഉണ്ടാകുന്ന പക്ഷം നിലവിലെ സർക്കാർ ഉത്തരവിൽ [സ.ഉ(സാധാ) നം. 254/18/സാനീവ, തീയതി. 30/04/2018] നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്തി വരുന്നുണ്ട്. |
| ബി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ അധ്യാപകരെ നിയമിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | ബി) സ.ഉ(സാധാ) നം. 254/18/സാനീവ, തീയതി. 30/04/2018 പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് അംഗൻവാടികളിൽ നിയമനം നടത്തിവരുന്നത്. ടി മാനദണ്ഡത്തിൽ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനവും ഉൾപ്പെടുന്നു. |
| സി) പഞ്ചായത്തുകൾ തോറും ശിശുസൗഹൃദ അംഗൻവാടികൾ നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | സി) അംഗൻവാടി കെട്ടിട നിർമ്മാണത്തിനായി ലഭിച്ചിട്ടുള്ള സ്ഥലങ്ങളെ, അവയുടെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേകം തയ്യാറാക്കിയ ഒരു |

| | |
|---|---|
| വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഏകീകൃത പ്ലാനും എസ്റ്റിമേറ്റും പ്രകാരം തരംതിരിച്ച് ആധുനിക സൗകര്യങ്ങളോടുകൂടിയ 'സ്മാർട്ട് അംഗൻവാടി' നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്വന്തമായി കെട്ടിടം ഉള്ള അംഗൻവാടികളിൽ, 2018-19 സാമ്പത്തിക വർഷത്തിൽ 1119 ശിശു സൗഹൃദ ടോയിലെറ്റുകൾ നിർമ്മിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 663 അംഗൻവാടികളിൽ കുടിവെള്ള സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ